**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **02-02-2024 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ സേവനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി ജെ ചിഞ്ചുറാണി**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ ഉൾപ്പെടുന്ന വാമനപുരം, നെടുമങ്ങാട് ബ്ലോക്കുകളിൽ മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാണോ; വിശദമാക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ ഉൾപ്പെടുന്ന നെടുമങ്ങാട് ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാണ്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് മൊബൈൽ വെറ്റിനറി യൂണിറ്റുകൾ വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും എവിടെയാണ് ഇതിനായി ബന്ധപ്പെടേണ്ടതെന്നും വിശദമാക്കാമോ; | (ബി) | മൃഗഡോക്ടറുടെ സേവനം അതായത് വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമ ബീജസങ്കലനം, രോഗ പ്രതിരോധ കുത്തിവയ്പ്പ്, പ്രയാസമേറിയ പ്രസവം തുടങ്ങിയ പ്രവർത്തനങ്ങൾ കർഷകരുടെ വാതിൽപ്പടിയിൽ ലഭ്യമാക്കി മൃഗങ്ങളെ ചികിത്സിക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി സേവനം ലഭിക്കുന്നതിനായി '1962' എന്ന നമ്പറിൽ കോൾ സെന്ററിലേക്ക് ബന്ധപ്പെടാവുന്നതാണ്. |
| (സി) | പ്രസ്തുത ബ്ലോക്കുകളിലെ എത്രപേർ ഇതിനോടകം ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | നെടുമങ്ങാട് ബ്ലോക്കിലെ 266 പേർ ഇതിനോടകം നെടുമങ്ങാട് മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ